തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ-മെയിൽ : jdlsgdtcr@gmail.com

നമ്പർ: LSGD/JD/TSR/6114/2023-A5

തിയതി: 19-09-2024

അനുബന്ധം -എച്ച്4

നോട്ടീസ്

[53(4)-ാം ഖണ്ഡിക നോക്കുക ]

ശ്രീ. സുബീഷ്.കുമാർ.കെ.വി., ഓഫീസ് അറ്റന്റന്റ്, മുൻ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ കാര്യാലയം, തൃശ്ശൂർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ/കുറ്റപത്രം എന്നിവ 06/12/2023 തിയതിയിലെ LSGD/JD/TSR/6114/2023-A5 നമ്പർ പ്രകാരം 06/12/2023 തിയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ/ കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ADDRESSE LEFT INDIA എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേക്ക് മടക്കി. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണ രൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ജോയിന്റ് ഡയറക്ടറുടെ അയ്യന്തോൾ സിവിൽ സ്റ്റേഷനിലുള്ള കാര്യാലയത്തിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽ വിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Signed by
Shafiq P M
Date: 19-09-2024 14:04:59

Shafiq.P.M
JOINT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ശ്രീ.സുബീഷ് കുമാർ.കെ.വി
കാമ്പ്രത്ത് വീട്
ഏനാമാക്കൽ.പി.ഒ.,
തൃശ്ശൂർ 680510